"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊതുസർവ്വീസ് രൂപീകരണം - തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസ് - തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ സേവനകാലാവധി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.2656/2022/LSGD തീയതി,തിരുവനന്തപുരം, 01-11-2022

---

പരാമർശം:-
1. **സ.ഉ(കൈ) നം. 106/2020/തസ്വഭവ, തീയതി 17.07.2020**
2. **സ.ഉ(സാധാ)നം.152/2022/തസ്വഭവ,തീയതി 20/1/2022**
3. സ.ഉ(സാധാ)നം.1689/2022/തസ്വഭവ,തീയതി 16/7/2022
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.07.2022 ലെ PDLSGD/601/2022/HC-A1(2) നമ്പർ നടപടിക്രമം.
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.09.2022 ലെ പി.ഡി.എൽ.എസ്.ജി.ഡി/601/2022-എച്ച്സി എ1 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

പൊതുസർവീസ് രൂപീകരണവുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ നിന്നും ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പരാമർശം (2)(3) പ്രകാരം നിയമിച്ചിരുന്നു.ടി ഉദ്യോഗസ്ഥരിൽ 30.06.2022 വരെ ജോലിക്രമീകരണ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച വന്നിരുന്ന ഭരണിക്കാവ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീ. ടൈറ്റസ് വി യുടെ സേവനം 31.07.2022 വരെ ദീർഘിപ്പിച്ച് നൽകിയ പരാമർശം (4) പ്രകാരമുള്ള നടപടിക്ക് സാധൂകരണം നൽകണമെന്നും ടിയാളുടെ സേവനം 30.09.2022 വരെ ദീർഘിപ്പിച്ചുനൽകണമെന്നും നിലവിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലിനോക്കുന്ന ഉദ്യോഗസ്ഥരുടെ സേവനകാലാവധി 01.10.2022 മുതൽ 31.03.2023 വരെ ആറു മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്ന സാഹചര്യത്തിലും, പ്രവർത്തി ക്രമീകരണ വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ സേവനമനുഷ്ഠിക്കുന്ന ഭരണിക്കാവ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീ. ടൈറ്റസ് വി യുടെ സേവനം 31.07.2022 വരെ ദീർഘിപ്പിച്ച് നൽകിയ നടപടിക്ക്

സാധൂകരണം നൽകിയും ടിയാളുടെ സേവനം 30.09.2022 വരെ ദീർഘിപ്പിച്ചുനൽകിയും, ചുവടെ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ സേവനകാലാവധി 01.10.2022 മുതൽ 31.03.2023 വരെ 6 മാസക്കാലയളവിലേക്ക് കൂടി ദീർഘിപ്പിച്ച് നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നം | പേര് | തസ്തിക | ആഫീസ് |
|---|---|---|---|
| 1 | ഉമാശങ്കർ വി | സീനിയർ സൂപ്രണ്ട് | കാസറഗോഡ് ജില്ലാ പഞ്ചായത്ത് (ഗ്രാമവികസനം) |
| 2 | ആർ.സി രാജേഷ് കുമാർ | ജൂനിയർ സൂപ്രണ്ട് | തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ |
| 3 | വിനോദ് വി.റ്റി | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | ഗ്രാമവികസന കമ്മീഷണറേറ്റ് |
| 4 | ടൈറ്റസ് വി | ഹെഡ് അക്കൗണ്ടന്റ് | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, ഭരണിക്കാവ് |
| 5 | സജി വി. നായർ | സീനിയർ ക്ലർക്ക് | തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ |
| 6 | ഷീൻ എക്സ് | സീനിയർ ക്ലർക്ക് | പഞ്ചായത്ത് ഡയറക്ടറേറ്റ് |
| 7 | അനീഷ് പി.എസ് | സീനിയർ ക്ലർക്ക് | പഞ്ചായത്ത് ഡയറക്ടറേറ്റ് |
| 8 | ഷീജ യു.എസ് | സീനിയർ ക്ലർക്ക് | ഗ്രാമവികസന കമ്മീഷണറേറ്റ് |
| 9 | അഞ്ജു ജി.പി | സീനിയർ ക്ലർക്ക് | ഗ്രാമവികസന കമ്മീഷണറേറ്റ് |
| 10 | ആർ.ബി രാകേഷ് | സീനിയർ ക്ലർക്ക് | ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി |
| 11 | രാജീവ് എസ് | യു.ഡി ടൈപ്പിസ്റ്റ് | ഗ്രാമവികസന കമ്മീഷണറേറ്റ് |
| 12 | കാഞ്ചന വി | എൽ ഡി ടൈപ്പിസ്റ്റ് | ഗ്രാമവികസന കമ്മീഷണറേറ്റ് |
| 13 | അഭിലാഷ് സി | ഓഫീസ് അറ്റൻഡന്റ് | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, കുന്ദമംഗലം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത.കെ.എസ്.**

**അഡിഷണൽ സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.

ഡയറക്ടർ, എൽഎസ്ജിഡി (റൂറൽ) വകുപ്പ്

ഡയറക്ടർ, എൽഎസ്ജിഡി (അർബൻ) വകുപ്പ്

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിഭാഗം തിരുവനന്തപുരം.

ബന്ധപ്പെട്ട വ്യക്തികൾക്ക് (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Suja M
Date: 01-11-2022 15:50:38

സെക്ഷൻ ഓഫീസർ